# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### ജൈവാവശിഷ്ടം സംസ്കരിക്കുന്നതിനാവശ്യമായ നിയമ നിർമ്മാണം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1088** **30.9.16- ൽ മറുപടി നൽ കേണ്ടത്**

| | ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ബഹുനില കെട്ടിടങ്ങളും ഹോട്ടലുകളും ജൈവാവശിഷ്ടം അവരുടെ സ്ഥലത്ത് സ്വന്തം ചെലവിൽ സംസ്കരിക്കുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിന് ഉദ്ദേശമുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) | കേരള പഞ്ചായത്ത് രാജ് ആക്ട് 219 (വി) (എ,ബി), 2012-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ആക്ട് 334 എ മുതൽ സി വരെയുള്ള വകുപ്പുകൾ എന്നിവ പ്രകാരം വ്യാപാരകേന്ദ്രങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, ചന്തകൾ, അറവ്ശാലകൾ, ചിക്കൻ സ്റ്റാളുകൾ, ഫ്ലാറ്റുകൾ, കല്ല്യാണ മണ്ഡപങ്ങൾ എന്നിങ്ങനെയുള്ള സ്ഥാപനങ്ങളുടെ അല്ലെങ്കിൽ സ്ഥലങ്ങളുടെ നടത്തിപ്പോ നിയന്ത്രണമോ ഉള്ള ആൾ അത്തരം സ്ഥലങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബൈലോകളിൽ അനുശാസിക്കുന്ന പ്രകാരവും മാലിന്യങ്ങളുടെ ഉറവിട സ്ഥലത്തു തന്നെ ജൈവ ജൈവേതര മാലിന്യങ്ങളായി തരംതിരിച്ച് സൂക്ഷിക്കേണ്ടതും ഇതിനായി മതിയായ സംവിധാനങ്ങൾ ഏർ പ്പെടുത്തേണ്ടതും 1986-ലെ പരിസ്ഥിതി സംരക്ഷണ ആക്ടിലേയും (1986-ലെ 29-)o കേന്ദ്ര ആക്റ്റ്) അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായും ജലം, വായു, ശബ്ദം എന്നിവയുടെ മലിനീകരണം ഉണ്ടാക്കാത്ത വിധത്തിലും അത്തരം മാലിന്യങ്ങളുടെ ഉറവിട സ്ഥലത്ത് തന്നെയോ സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദത്തോടുകൂടി അങ്ങനെയുള്ള ആളുടെ ഉടമസ്ഥതയിലുള്ള സമീപ പ്രദേശത്തുള്ള സ്ഥലത്തു വച്ചോ യുക്തമായ രീതിയിൽ സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ